## അനുബന്ധം എച്ച് 4

## നോട്ടീസ്

ശ്രീ. അഭിജിത് രമേശ് എന്ന താങ്കൾ പത്തനംതിട്ട ജില്ലയിലെ കുന്നന്താനം സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ക്ലർക്ക് ആയി സേവനമനുഷ്ഠിച്ചു വരവേ 26.02.24 മുതൽ അനധികൃതമായി ജോലിയിൽ നിന്നു വിട്ടുനിൽക്കുന്നതിനാൽ കത്ത് നം. എ4-2730/24/ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം)/തീ. 01.06.24 പ്രകാരം താങ്കൾക്ക് കുറ്റാരോപണ ചാർജ് മെമ്മോ നല്കിയിട്ടുള്ളതാകുന്നു. ടി കുറ്റാരോപണ മെമ്മോ താങ്കൾ കൈപ്പറ്റിയെങ്കിലും താങ്കൾ മറുപടി സമർപ്പിച്ചിട്ടില്ല എന്ന് കുന്നന്താനം സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ ഇൻ ചാർജ് അറിയിച്ചതിനാൽ കത്ത് നം. എ4-2730/24/ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം)/തീ. 11.09.24 പ്രകാരം താങ്കൾക്ക് കാരണം കാണിക്കൽ നോട്ടീസ് നല്കുകയുണ്ടായി.

ടി കാരണം കാണിക്കൽ നോട്ടീസ് താങ്കൾ കൈപ്പറ്റിയിട്ടില്ലെന്ന് കത്ത് നം. 370/24/തീ. 16.10.24 പ്രകാരം കുന്നന്താനം സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ ഇൻ ചാർജ് അറിയിച്ചിരുന്നു. ആയതിനാൽ ടി കാരണം കാണിക്കൽ നോട്ടീസ് 30.10.24 ലെ ദേശാഭിമാനി, ജനയുഗം എന്നീ ദിനപ്പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു. എന്നിട്ടും താങ്കൾ യാതൊരു മറുപടിയും ലഭ്യമാക്കിയില്ല.

ഇതിൽ നിന്നും പ്രൊബേഷണറായ താങ്കൾക്ക് സർക്കാർ സർവീസിൽ തുടരാൻ താല്പര്യമില്ല എന്ന് മനസിലാക്കുകയും ഉത്തരവ് നം. DMOH-PTA/4320/2024-A4/തീ. 26.11.24 പ്രകാരം 03.08.2018 ൽ സർവീസിൽ പ്രവേശിച്ച താങ്കളെ 1960 ലെ കെ സി എസ് (സി സി & എ) ചട്ടം II (VII) പ്രകാരം, താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച്, 26.02.24 മുതൽ സർവീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവായിരിക്കുന്നു.

Signed by
Anitha Kumary L
Date: 13-12-2024 11:24:17

ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം)
പത്തനംതിട്ട

**സ്വീകർത്താവ്**

ശ്രീ. അഭിജിത് രമേശ്, 27/443 C
ചന്ദ്രകാന്തം, മന്നത്തുകുളം, പറമ്പ, കോഴിക്കോട്- 673 016